# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3580** **20.10.2016 ൽ മറുപടിക്ക്**

**സർക്കാർ ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സുകൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ സർക്കാർ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി എത്ര ക്വാർട്ടേഴ്സുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;<br>(ബി) ഇത് സംസ്ഥാനത്തെ മൊത്തം സർക്കാർ ഉദ്യോഗസ്ഥരുടെ എണ്ണത്തിന്റെ എത്ര ശതമാനം വരുമെന്ന് വെളിപ്പെടുത്തുമോ; | (എ) & (ബി) | സംസ്ഥാനത്തെ ഏകദേശം അഞ്ചര ലക്ഷത്തോളം വരുന്ന സർക്കാർ ഉദ്യോഗസ്ഥർക്കായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ 3734 ക്വാർട്ടേഴ്സുകൾ നിലവിലുണ്ട്. |
| (സി) 31.8.2016-വരെ മന്ത്രിമാരുടെ സ്റ്റാഫംഗങ്ങൾക്കായി എത്ര ക്വാർട്ടേഴ്സുകളാണ് നീക്കി വച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;<br>(ഡി) ഇത് മന്ത്രിമാരുടെ ആകെ സ്റ്റാഫംഗങ്ങളുടെ എണ്ണത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ; | (സി) & (ഡി) | മന്ത്രിമാരുടെ സ്റ്റാഫംഗങ്ങളായ ഏകദേശം 460 പേർക്കായി 31.8.2016-വരെ 75 ക്വാർട്ടേഴ്സുകൾ നീക്കിവച്ചിരുന്നു. |
| (ഇ) നിലവിൽ ഏത് വർഷംവരെയുള്ള അപേക്ഷകർക്കാണ് ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള വിവരം നൽകുമോ; | (ഇ) | ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (എഫ്) തിരുവനന്തപുരം ജില്ലയിൽ ക്വാർട്ടേഴ്സുകൾക്ക് അപേക്ഷിച്ചിട്ടുള്ള എത്ര സർക്കാർ ജീവനക്കാരുടെ അപേക്ഷകളാണ് ഇനിയും പരിഗണിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ? | (എഫ്) | 1879 അപേക്ഷകളാണ് ഇനിയും പരിഗണിക്കാനുള്ളത്. |

Omaden

**സെക്ഷൻ ഓഫീസർ**

<u>അനുബന്ധം</u>

| ജില്ല | ഏത് വർഷംവരെയുള്ള അപേക്ഷകർക്കാണ് ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുള്ളതെന്ന വിവരം |
|---|---|
| തിരുവനന്തപുരം | 2003 വരെ. |
| കൊല്ലം | 2008 വരെ. |
| പത്തനംതിട്ട | 2007 വരെ . |
| ആലപ്പുഴ | ക്വാർട്ടർ ടൈപ്പ് 1 -2012, ടൈപ്പ് 2 -1996, ടൈപ്പ് 3- 2007, ടൈപ്പ് 4 -2005 വരെ. |
| കോട്ടയം | ക്വാർട്ടർ ടൈപ്പ് സി -2015, ഡി-2010, ഇ/എൻ ബി -2002, ജി/എൻ ഡി/ എൻ ഇ -2010 വരെ. |
| ഇടുക്കി | ക്വാർട്ടർ ടൈപ്പ് ഇ -2013, ബാക്കി എല്ലാ വിഭാഗവും 2016 വരെ. |
| എറണാകുളം | തൃക്കാക്കര - ക്വാർട്ടർ ടൈപ്പ് 1 -1998, ടൈപ്പ് 2 -1999, ടൈപ്പ് 3 -2009, ടൈപ്പ് 4 -2010 വരെ.<br>ആലുവ - ക്വാർട്ടർ ടൈപ്പ് 1 -1999, ടൈപ്പ് 2 -1997, ടൈപ്പ് 3 -2005, ടൈപ്പ് 4 -2008 വരെ.<br>പെരുമ്പാവൂർ - ക്വാർട്ടർ ടൈപ്പ് 1 -2007, ടൈപ്പ് 2 -1999, ടൈപ്പ് 3 -2008 വരെ.<br>മൂവാറ്റുപുഴ -ക്വാർട്ടർ ടൈപ്പ് 1 -2007, ടൈപ്പ് 2 -2007, ടൈപ്പ് 3 -2015 വരെ. |
| തൃശ്ശൂർ | 2006 വരെ. |
| പാലക്കാട് | ക്വാർട്ടർ ടൈപ്പ് ഇ -2007, ഡി-2008, ബി/സി -2008, ജി -2014 വരെ. |
| മലപ്പുറം | ക്വാർട്ടർ ടൈപ്പ് 1 -2011, ടൈപ്പ് 2 -2006, ടൈപ്പ് 3 -2012, ടൈപ്പ് 4 -2014, ടൈപ്പ് 5 -2013 വരെ. |
| കോഴിക്കോട് | ക്വാർട്ടർ ടൈപ്പ് 1 -2010, ടൈപ്പ് 2 -2005, ടൈപ്പ് 3 -2009, ടൈപ്പ് 4 -2015 വരെ. |
| കണ്ണൂർ | ക്വാർട്ടർ ടൈപ്പ് ബി -2009, സി-2007, ഡി -2008, ഇ - 2007 വരെ. |
| വയനാട് | ക്വാർട്ടർ ടൈപ്പ് 1 -2011, ടൈപ്പ് 2 -2006 വരെ |
| കാസറഗോഡ് | 2009 വരെ. |

Amaden

സെക്ഷൻ ഓഫീസർ